# രോഗിയുടെ നമസ്കാരവും ശുചീകരണവും

[ Malayalam - മലയാളം - مليالم]

# ﴿ أحكام صلاة المريض وطهارته ﴾

المؤلف : الشيخ عبد العزيز بن عبد الله بن باز رحمه الله
ശൈഖ് അബ്ദുല്‍ അസീസുബ്നു
അബ്ദുല്ലാഹിബ്നു ബാസ്

വിവര്‍ത്തനം: അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി
ترجمة: عبد اللطيف سلّمي

കോപറേറ്റീവ് ഓഫീസ് ഫോര്‍ കാള്‍ & ഗൈഡന്‍സ്
സുലൈ – റിയാദ് – സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بسلي – الرياض
المملكة العربية السعودية

Web Edition prepared by
islamhouse.com
1431 – 2010

بسم الله الرحمن الرحيم

ലോകരക്ഷിതാവായ അല്ലാഹുവിന് സ്തുതി. പ്രവാചകശ്രേഷ്ഠൻ മുഹമ്മദ് നബി(ﷺ)യിലും, കുടുംബത്തിലും, അനുചരന്മാരിലും നന്മയും സമാധാനവും വർഷിക്കട്ടെ. രോഗിയുടെ നമസ്കാരം, ശുചീകരണം എന്നിവയുമായി ബന്ധപ്പെട്ട ഏതാനും വിധികളാണ് ഈ ലഘു ലേഖനത്തിലെ ഉള്ളടക്കം.

നമസ്കാരത്തിന് ശുദ്ധിയുണ്ടായിരിക്കുക എന്നത് മതനിയമമാണ്. അംഗശുദ്ധി വരുത്തലും, മാലിന്യങ്ങൾ നീക്കം ചെയ്യലും നമസ്കാരം സാധുവാകാനുള്ള നിബന്ധനകളാണ്. ശരീരവും, വസ്ത്രവും, നമസ്കാര സ്ഥലവുമെല്ലാം വൃത്തിയുള്ളതായിരിക്കണം.

നമസ്കാരത്തിന് തെയ്യാറെടുക്കുന്നവൻ ചെറിയ അശുദ്ധി നീക്കാൻ അംഗശുദ്ധി വരുത്തുകയും, വലിയ അശുദ്ധിയുണ്ടെങ്കിൽ കുളിക്കുകയും വേണം. മലമൂത്ര വിസർജ്ജനം നടത്തിയാൽ അംഗശുദ്ധി വരുത്തുന്നതിന് മുമ്പ് വെള്ളമോ കല്ലോ ഉപയോഗിച്ച് ശൗച്യം ചെയ്യണം. വൃത്തി പൂർണ്ണമായി കൈവരിക്കാൻ വേണ്ടിയത്രെ ഇത്.

**ചില പ്രത്യേക നിയമങ്ങൾ**

മലമൂത്ര വിസർജ്ജനം കഴിഞ്ഞാൽ വെള്ളം കൊണ്ട് ശൗച്യം ചെയ്യേണ്ടതാണ്. ഉറങ്ങിയവനും കീഴ്വായു പുറത്ത് പോയവനും ശൗച്യം ചെയ്യേണ്ടതില്ല. ഇവർ അംഗശുദ്ധിവരുത്തിയാൽ മതി. മാലിന്യങ്ങൾ നീക്കുകയാണല്ലൊ ശൗച്യം കൊണ്ടുള്ള ലക്ഷ്യം.

വെള്ളം ഉപയോഗിച്ച് ശൗച്യം ചെയ്യുന്നതിനുപകരം കല്ലോ അതു പോലുള്ള മററു വസ്തുക്കളോ ഉപയോഗിക്കാം. എന്നാൽ ശുദ്ധിയുള്ള മൂന്ന് കല്ലിൽ കുറയരുത്.

നബി(ﷺ)പറയുന്നത് നോക്കൂ:

من استجمر فليوتر (البخاري)

''കല്ല് ഉപയോഗിച്ച് ശൗച്യം ചെയ്യുന്നവൻ ഒററയാക്കട്ടെ'' (ബുഖാരി)

മറെറാരു നബിവചനം ഇങ്ങിനെയാണ്.

إذا ذهب أحدكم إلى الغائط فليذهب معه بثلاثة أحجار، فإنها تجزئ عنه (أبو داود)

‘‘നിങ്ങളിലാരെങ്കിലും വിസർജ്ജന സ്ഥലത്തേക്ക് പോകുമ്പോൾ മൂന്ന് കല്ലുകൾ കൊണ്ട്പോകട്ടെ, ശുചീകരണത്തിന് അത് മതി.’’ (അബൂദാവൂദ്) മൂന്നിൽ കുറഞ്ഞ കല്ലുകൾ ശൗച്യം ചെയ്യാൻ ഉപയോഗിക്കുന്നത് നിരോധിച്ചുകൊണ്ടുള്ള ഹദീസ് ഇമാം മുസ്‌ലിം നിവേദനം ചെയ്തിട്ടുണ്ട്.

ചാണകം, എല്ലുകൾ, ഭക്ഷ്യവസ്തുക്കൾ, പവിത്രത കൽപ്പിക്കേണ്ട വസ്തുക്കൾ ഇവകൊണ്ടൊന്നും ശൗച്യം ചെയ്യാൻ പാടില്ല. കല്ല്, ടിഷ്യു മുതലായ വസ്തുക്കൾ ഉപയോഗിച്ച് വൃത്തിയാക്കിയ ശേഷം വെള്ളം കൊണ്ട് ശൗച്യം ചെയ്യുന്നതത്രെ ഉത്തമം. മാലിന്യം നീക്കുകയും പിന്നീട് വെള്ളം കൊണ്ട് ശുദ്ധിവരുത്തുകയും ചെയ്യുമ്പോൾ ശുചിത്വം പൂർണ്ണമായി. എന്നാൽ ഒരാൾക്ക് കല്ല് പോലുള്ള വസ്തുക്കളോ വെള്ളമോ ശുചീകരണത്തിന് ഉപയോഗിക്കുവാൻ സ്വാതന്ത്ര്യമുണ്ട്.

അനസ്(ﷺ)വിൽ നിന്ന് നിവേദനം ചെയ്യപ്പെട്ട ഒരു ഹദീസ് കാണുക:

كان النبي صلى الله عليه وسلم يدخل الخلاء فأحمل أنا وغلام نحوي إداوة من ماء وعنزة فيستنجي بالماء (متفق عليه)

‘‘നബി(ﷺ) വിസർജ്ജന സ്ഥലത്തേക്ക് പ്രവേശിക്കുമ്പോൾ ഞാനും എന്നെപ്പോലുള്ള മററൊരു കുട്ടിയും കൂടി ഒരു വെള്ളപ്പാത്രവും ഒരു വടിയും വഹിച്ച് കൂടെപോകും അനന്തരം അദ്ദേഹം ആ വെള്ളം കൊണ്ട് ശൗച്യം ചെയ്യും.’’ (മുതഫഖുൻ അലൈഹി)

عن عائشة رضي الله عنها أنها قالت لجماعة من النساء مرن أزواجكنّ أن يستطيبوا بالماء، فإني أستحييهم، وإن رسول الله صلى الله كان يفعله .

‘‘ആയിഷ(ﷺ) ഒരിക്കൽ ഒരു സംഘം സ്ത്രീകളോടായി ഇപ്രകാരം പറഞ്ഞു ‘നിങ്ങൾ നിങ്ങളുടെ ഭർത്താക്കന്മാരോട് വെള്ളം കൊണ്ട് ശൗച്യം ചെയ്യാൻ നിർദ്ദേശിക്കുക. എനിക്ക് അവരോട് നേരിട്ട് ഇത് പറയാൻ ലജ്ജ തോന്നുന്നു. നിശ്ചയം നബി(ﷺ) അങ്ങിനെ ചെയ്യാറുണ്ടായിരുന്നു’’ (തുർമുദി).

വെള്ളമോ കല്ലോ ഇവയിലേതെങ്കിലും ഒന്ന് മാത്രം തിരഞ്ഞെടുക്കുമ്പോൾ വെള്ളമാണ് ഉത്തമം. മാലിന്യം നീക്കി വൃത്തിയാക്കാൻ കൂടുതൽ നല്ലത് വെള്ളം തന്നെയാണല്ലൊ.

കല്ലുകൊണ്ട് മാത്രമാവുമ്പോൾ മൂന്ന് കല്ല് മതി. അതുകൊണ്ട് വൃത്തിയാവുന്നില്ലെങ്കിൽ നാലോ അഞ്ചോ ആയി വർദ്ധിപ്പിക്കാവുന്നതാണ്. എപ്പോഴും ഒററയിൽ അവസാനിപ്പിക്കുന്നതാണ് ഉത്തമം.

കല്ല് ഉപയോഗിച്ച് ശൗച്യം ചെയ്യുമ്പോൾ ഒററയാക്കണം എന്ന നബിവചനം പ്രത്യേകം ഓർക്കുക.

വലതു കൈകൊണ്ട് ശൗച്യം ചെയ്യരുത്. സൽമാൻ(ﷺ) നിവേദനം ചെയ്ത ഹദീസിൽ ഇപ്രകാരം കാണാം.

نهانا رسول الله صلى الله عليه وسلم أن يستنجي أحدنا بيمينه (مسلم)

''നബി(ﷺ) ഞങ്ങളെ വലതു കൈകൊണ്ട് ശൗച്യം ചെയ്യുന്നത് വിലക്കിയിരുന്നു''

മറെറാരു നബിവചനം കാണുക:

لا يمسكنّ أحدكم ذكره بيمينه وهو يبول، ولا يتمسح من الخلاء بيمينه (مسلم)

''നിങ്ങളിൽ ആരും തന്നെ മൂത്രിക്കുന്നതിനിടയിൽ വലതു കൈകൊണ്ട് ലിംഗം സ്പർശിക്കുകയോ, കാഷ്ടം തുടച്ചുകളയുകയോ ചെയ്യരുത്''. ഒരാൾ ഇടത് കൈ മുറിക്കപ്പെട്ടവനോ, ആ കൈക്ക് വെട്ടോ, മുറിവോ ഉള്ളവനോ ആണെങ്കിൽ വലതു കൈകൊണ്ട് ശൗച്യം ചെയ്യുന്നതിൽ വിരോധമില്ല. ഇനി വല്ലവരും കല്ലും വെള്ളവും ഉപയോഗിച്ചാൽ വളരെ നല്ലതുതന്നെ.

00000

എളുപ്പം ലാളിത്യം മുതലായവ ഇസ്‌ലാമിക ശരീഅത്തിൻെറ പ്രഖ്യാപിതലക്ഷ്യങ്ങളാണ്. അതിനാൽ പ്രതിബന്ധങ്ങൾ ഉള്ളവർക്ക് ആരാധനാകർമ്മങ്ങൾ നിഷ്പ്രയാസം നിർവ്വഹിക്കുവാൻ അല്ലാഹു ഇളവുകൾ നൽകിയിരിക്കുന്നു.

അല്ലാഹു പറയുന്നു:

وما جعل عليكم في الدين من حرج (سورة الحج 78)

''മതകാര്യത്തിൽ യാതൊരു പ്രയാസവും നിങ്ങളുടെമേൽ അവൻ ചുമത്തിയിട്ടില്ല'' (സൂറ: ഹജ്ജ് 78)

يريد الله بكم اليسر ولا يريد بكم العسر (سورة البقرة 185)

''നിങ്ങൾക്ക് ആശ്വാസം വരുത്തുവാനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. നിങ്ങൾക്ക് ഞെരുക്കം ഉണ്ടാക്കാൻ അവൻ ഉദ്ദേശിക്കുന്നില്ല'' (അൽബഖറ: 185)

മററൊരു വചനം നോക്കൂ :

فاتقوا الله ما استطعتم (سورة التغابن 16)

‘‘അതിനാൽ നിങ്ങൾക്ക് സാധ്യമായവിധം അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക’’ (സൂറ: തഗാബുൻ 16)

ഈ വിഷയത്തിൽ വന്ന ഒരു നബിവചനവും കൂടി ശ്രദ്ധിക്കുക:

إذا أمرتكم بأمر فأتوا منه مااستطعتم (البخاري)

‘‘ഞാൻ നിങ്ങളോട് ഒരു കാര്യം കൽപ്പിച്ചാൽ സാധ്യമായത് നിങ്ങൾ ചെയ്യണം’’ (ബുഖാരി)

അദ്ദേഹം പറഞ്ഞു: إنّ الدين يسر (മതം എളുപ്പമാണ്).

രോഗശമനം വൈകുമെന്നോ രോഗം കൂടുമെന്നോ ഭയപ്പെടുമ്പോൾ വെള്ളംകൊണ്ട് അംഗശുദ്ധി വരുത്തുകയോ കുളിക്കുകയോ ചെയ്യുന്നതിന് പകരം തയമ്മും ചെയ്താൽ മതി. രണ്ട് കൈകളും ഒരു തവണ ശുദ്ധമായ മണ്ണിലടിച്ച് കൈകളുടെ ഉൾഭാഗം കൊണ്ട് മുഖവും കൈപ്പടത്തിൻെറ പുറഭാഗവും തടവുകയാണ് തയമ്മും.

അല്ലാഹു പറയുന്നു:

وَإِن كُنتُمْ جُنُبًا فَاطَّهَّرُواْ وَإِن كُنتُم مَّرْضَى أَوْ عَلَى سَفَرٍ أَوْ جَاء أَحَدٌ مَّنكُم مِّنَ الْغَائِطِ أَوْ لاَمَسْتُمُ النِّسَاء فَلَمْ تَجِدُواْ مَاء فَتَيَمَّمُواْ صَعِيدًا طَيِّبًا فَامْسَحُواْ بِوُجُوهِكُمْ وَأَيْدِيكُم مِّنْهُ (سورة المائدة 6)

‘‘നിങ്ങൾ രോഗികളാകുകയോ, യാത്രയിലാവുകയോ ചെയ്താൽ, അല്ലെങ്കിൽ നിങ്ങളിലൊരാൾ മലമൂത്ര വിസർജ്ജനം കഴിഞ്ഞ് വരികയോ, നിങ്ങൾ സ്ത്രീകളുമായി സംസർഗ്ഗം നടത്തുകയോ ചെയ്തിട്ട് നിങ്ങൾക്ക് വെള്ളം കിട്ടിയില്ലെങ്കിൽ ശുദ്ധമായ ഭൂമുഖം തേടിക്കൊള്ളുക; എന്നിട്ട് അതുകൊണ്ട് നിങ്ങളുടെ മുഖവും കൈകളും തടവുക’’ (മാഇദ: 6)

വെള്ളം ഉപയോഗിക്കാൻ കഴിയാത്തവന് വെള്ളം ലഭ്യമല്ലാത്തവൻെറ വിധിയാണ്. ഇക്കാര്യം താഴെ പറയുന്ന ഖുർആൻ വചനത്തിൽ നിന്നും മനസ്സിലാക്കാം:

‘‘അതിനാൽ നിങ്ങൾക്ക് സാധ്യമായ വിധം അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക’’ (സൂറ: തഗാബുൻ 16)

അപ്രകാരം തന്നെ നബി(ﷺ), അമ്മാറുബ്നു യാസിർ(ﷺ)നോട് പറഞ്ഞു: ''താങ്കൾക്ക് തൻെറ കൈകൾ കൊണ്ട് ഇപ്രകാരം ചെയ്താൽ മതിയായിരുന്നു; എന്ന് പറഞ്ഞ്, തൻെറ കൈകൾ കൊണ്ട് ഭൂമിയിൽ ഒരു അടി അടിക്കുകയും അവകൊണ്ട് തൻെറ മുഖവും കൈപ്പടങ്ങളും തടവുകയും ചെയ്തു ''

തയമ്മും ചെയ്യുന്നത് ശുദ്ധമായ ഭൂപ്രതലത്തിലായിരിക്കലും, വുളുവിനോ/കുളിക്കോ പകരമായി തയമ്മും ചെയ്യുകയാണ് എന്ന ഉദ്ദേശ്യത്തോട് (നിയ്യത്തോട്) കൂടിയും ആയിരിക്കൽ അതിൻെറ സ്വീകാര്യതക്ക് അനിവാര്യമാണ്. കാരണം കർമ്മങ്ങൾ സ്വീകരിക്കപ്പെടുക നിയ്യത്തോട്കൂടി മാത്രമാണെന്ന നബിവചനം പ്രസിദ്ധമാണ്. ''നിശ്ചയം കർമ്മങ്ങൾ നിയ്യത്ത് അനുസരിച്ച് മാത്രമാണ്. എല്ലാ മനുഷ്യനും അവൻ ഉദ്ദേശിച്ചതാണ് ലഭിക്കുക'' (ബുഖാരി)

## ശുദ്ധീകരണത്തിന് വിവിധ അവസ്ഥകളുണ്ട്

1. തലവേദന, പല്ലുവേദന പോലെയുള്ള രോഗം ഗൗരവം കുറഞ്ഞതും വെള്ളം ഉപയോഗിക്കുന്നത് കൊണ്ട് രോഗം മൂർഛിക്കുമെന്നോ, അപകടം സംഭവിക്കുമെന്നോ, ശമനം വൈകുമെന്നോ ഭയപ്പെടാതിരിക്കുകയും വെള്ളം ഉപയോഗിക്കുന്നതിൽ ബുദ്ധിമുട്ട് ഇല്ലാതിരിക്കുകയും വെള്ളം ഉപയോഗിക്കുവാൻ സാധ്യമാവുകയും ചെയ്യുന്ന അവസ്ഥകളിൽ തയമ്മും ചെയ്യൽ അനുവദനീയമല്ല. കാരണം തയമ്മും അനുവദിക്കപ്പെടുന്നത് ബുദ്ധിമുട്ട് ഇല്ലാതാക്കുന്നതിനും പ്രയാസപ്പെടാതിരിക്കുന്നതിനുമാണ്. അവന് ആകട്ടെ വെള്ളം ലഭ്യവുമാണ്. അതുകൊണ്ട് അവൻ വെള്ളം ഉപയോഗിക്കൽ നിർബന്ധമാണ്.

2. രോഗംമൂലം മരണം, അംഗവൈകല്യം, അവയവങ്ങളുടെ ശക്തിക്ഷയം, പുതിയ രോഗം ഉണ്ടാകൽ എന്നിങ്ങനെ ഭയപ്പെടേ ണ്ടുന്ന തരത്തിലുള്ള രോഗമാണ് എങ്കിൽ അവന് താഴെ പറയുന്ന ആയത്തിൻെറ അടിസ്ഥാനത്തിൽ തയമ്മും ചെയ്യൽ അനുവദനീയമാണ്.

وَلَا تَقْتُلُوٓاْ أَنفُسَكُمْ إِنَّ ٱللَّهَ كَانَ بِكُمْ رَحِيمًا (سورة النساء 29 )

''നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തുകയും ചെയ്യരുത്. തീർച്ചയായും അല്ലാഹു നിങ്ങളോട് കരുണയുള്ളവനാകുന്നു.'' (നിസാഅ്: 29)

3. വെള്ളം ഉപയോഗിക്കാൻ പററാത്തവിധം ചലനശേഷിയില്ലാത്ത രോഗിക്കും തയമ്മും ചെയ്യാവുന്നതാണ്. സ്വന്തമായി തയമ്മും ചെയ്യാനും കഴിയാത്ത വ്യക്തിക്ക് മറെറാരാൾ തയമ്മും ചെയ്തു

കൊടുക്കേണ്ടതുമാണ്. ഇനി ശരീരവും വസ്ത്രവും വിരിപ്പുമെല്ലാം വൃത്തിയാക്കാൻ കഴിയാത്തവിധം മലിനമായതാണെങ്കിൽ അവൻ അതേ അവസ്ഥയിൽ തന്നെ നമസ്കാരം നിർവ്വഹിക്കുകയും ചെയ്യണം.

فاتقوا الله ما استطعتم (سورة التغابن 16)

''അതിനാൽ നിങ്ങൾക്ക് സാധ്യമായ വിധം അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക'' (സൂറ: തഗാബുൻ 16)

ശുദ്ധീകരണത്തിനോ, മാലന്യം നീക്കം ചെയ്യുവാനോ കഴിഞ്ഞിട്ടില്ലെങ്കിലും യാതൊരവസ്ഥയിലും നമസ്കാരം സമയവും വിട്ട് പിന്തിച്ചുകൂടാത്തതാണ്.

4. ശരീരത്തിൽ മുറിവോ, പൊട്ടലോ, വ്രണമോ ഉള്ള അവസ്ഥയിൽ ജനാബത്ത്കാരൻ (കുളി നിർബന്ധമാകുന്ന അശുദ്ധിയുള്ളവൻ) ആയാൽ അവനും മുകളിൽ പറഞ്ഞ തെളിവിൻെറ അടിസ്ഥാനത്തിൽ തയമ്മും അനുവദനീയമാണ്. അവന് ശരീരഭാഗങ്ങൾ കഴുകാൻ കഴിയുമെങ്കിൽ സാധ്യമാകുന്നത്ര കഴുകുകയും ബാക്കി ഭാഗത്തിന് തയമ്മും ചെയ്യുകയും ചെയ്യേണ്ടതാണ്.

5. വെള്ളമോ തയമ്മുമിന് മണ്ണോ ലഭ്യമല്ലാതിരിക്കുകയോ അവ എത്തിക്കുന്നതിന് ആരെയും കാണാതിരിക്കുകയോ ചെയ്യുന്ന ഒരു രോഗി അംഗശുദ്ധി വരുത്തുകയോ തയമ്മും ചെയ്യുകയോ ചെയ്തിട്ടില്ലെങ്കിലും സമയമായാൽ നമസ്കാരം നിർവ്വഹിക്കൽ നിർബന്ധമാണ്.

فاتقوا الله ما استطعتم (سورة التغابن 16)

''അതിനാൽ നിങ്ങൾക്ക് സാധ്യമായ വിധം അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക'' (സൂറ: തഗാബുൻ 16)

6. മൂത്രവാർച്ച നിയന്ത്രിക്കാൻ കഴിയാത്ത നിലക്ക് രക്തസ്രാവം, കൂടെക്കൂടെ കീഴ്വായു പോകൽ തുടങ്ങിയ രോഗമുള്ളവർ ഓരോ നമസ്കാരത്തിനും സമയമായിക്കഴിഞ്ഞതിന്ശേഷം ശരീരവും വസ്ത്രവും കഴുകി ശുദ്ധിവരുത്തി നമസ്കരിക്കേണ്ടതാണ്. കഴിയുമെങ്കിൽ നമസ്കാരത്തിനായി അവൻ പ്രത്യേകം ഒരു വസ്ത്രം കരുതുന്നതും നല്ലതാണ്.

وما جعل عليكم في الدين من حرج (الحج 78)

''മതകാര്യത്തിൽ യാതൊരു പ്രയാസവും നിങ്ങളുടെ മേൽ അവൻ ചുമത്തിയിട്ടില്ല'' (സൂറ: ഹജ്ജ് 78)

يريد الله بكم اليسر ولا يريد بكم العسر (سورة البقرة 185)

''നിങ്ങൾക്ക് ആശ്വാസം വരുത്തുവാനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. നിങ്ങൾക്ക് ഞെരുക്കം ഉണ്ടാക്കാൻ അവൻ ഉദ്ദേശിക്കുന്നില്ല'' (സൂറ അൽബഖറ: 185)

إذا أمرتكم بأمر فأتوا منه ما استطعتم (البخاري)

''ഞാൻ നിങ്ങളോട് വല്ല കാര്യവും കൽപ്പിച്ചാൽ നിങ്ങളുടെ കഴിവ് അനുസരിച്ച് നിങ്ങളത് നിർവ്വഹിക്കുക'' (ബുഖാരി).

എന്നീ തെളിവുകൾ അതാണ് മനസ്സിലാക്കിത്തരുന്നത്. എന്നാൽ മൂത്രവും രക്തവും ശരീരത്തിലും വസ്ത്രത്തിലും നമസ്കാര സ്ഥലത്തും വ്യാപിക്കാതിരിക്കാൻ അവർ ശ്രദ്ധിക്കേണ്ടതാണ്.

ഓരോ നമസ്കാര സമയത്തിലും അവർക്ക് കഴിയാവുന്ന അത്ര നമസ്കാരങ്ങൾ നിർവ്വഹിക്കുകയും മുസ്ഹഫ് എടുത്ത് ഖുർആൻ പാരായണം നടത്തുകയും ചെയ്യാവുന്നതാണ്. എന്നാൽ ഒരു നമസ്കാരസമയം കഴിഞ്ഞാൽ അവർ വീണ്ടും വുളു പുതുക്കേണ്ടതാണ്. അതിന് കഴിയാത്ത സമയമാണെങ്കിൽ തയമ്മും ചെയ്യേണ്ടതാണ്. കാരണം പ്രവാചകൻ(ﷺ) ആർത്തവ രക്തമല്ലാത്ത രോഗസംബന്ധമായ രക്തസ്രാവമുള്ള സ്ത്രീയോട് ഓരോ നമസ്കാരത്തിനും സമയമായാൽ വുളുവുണ്ടാക്കി നമസ്കരിക്കാനാണ് കൽപ്പിച്ചത്. ഒരു നമസ്കാരത്തിന് വുളു ഉണ്ടാക്കിയ ശേഷം മൂത്രം പുറത്ത് വന്നിട്ടില്ലെങ്കിൽ അവന് ആ വുളുകൊണ്ട് തന്നെ വീണ്ടും നമസ്കരിക്കുന്നതിൽ പ്രശ്നമില്ല. ഇനി വുളുവിലും കുളിയിലും കഴുകേണ്ടതായ ഭാഗത്ത് ഏതെങ്കിലും നിലക്കുള്ള ബാൻേറജ് ഉണ്ടെങ്കിൽ അത് അഴിച്ചു മാററൽ ബുദ്ധിമുണ്ടാകുമെങ്കിൽ അവർ അതിൻെറ മീതെ തടവുകയും ബാക്കി ഭാഗങ്ങൾ കഴുകുകയും ചെയ്യേണ്ടതാണ്. എന്നാൽ ബാൻേറജിന് മീതെ തടവലും അതിന് അടുത്ത ഭാഗങ്ങൾ കഴുകലും പ്രയാസമുണ്ടാക്കുമെങ്കിൽ അവർ തടവലിനും കഴുകലിനും പകരമായി തയമ്മും ചെയ്താൽ മതിയാകുന്നതാണ്.

വുളു മുറിയുന്ന കാര്യങ്ങൾ സംഭവിക്കുകയോ, വെള്ളം ഉപയോഗിക്കാൻ കഴിയുകയോ വെള്ളം ലഭ്യമാവുകയോ ചെയ്താൽ തയമ്മും ബാത്വിലാവുന്നതാണ്.

**<u>രോഗിയുടെ നമസ്കാരം:</u>**

നിന്ന് നമസ്കരിക്കാൻ കഴിയാത്തവന് ഇരുന്നോ, അതിനും കഴിയാത്തവന് ഖിബ്‌ലക്ക് മുഖം തിരിച്ച് ചെരിഞ്ഞ് കിടന്നോ നമസ്കരിക്കണം എന്ന കാര്യത്തിൽ പണ്ഡിതന്മാർ ഏകാഭിപ്രായക്കാരാണ്. ചെരിഞ്ഞു കിടന്ന് നമസ്കരിക്കുകയാണെങ്കിൽ വലത് ഭാഗത്തേക്ക്

ചെരിഞ്ഞും അതിനും കഴിയാത്തപ്പോള്‍ മലര്‍ന്ന് കിടന്നുമാണ് നമസ്കരിക്കേണ്ടത്.

ഇക്കാര്യം നബി(ﷺ) ഇംറാനുബ്നു ഹുസൈന്‍(ﷺ)വിനോട് പറഞ്ഞ, താഴെ പറയുന്ന ഹദീസിലൂടെ മനസ്സിലാക്കാവുന്നതാണ്.

صلّ قائما فإن لم تستطع فقاعدا فإن لم تستطع فعلى جنب (البخاري) وزاد النسـائي فـإن لم تستطع فمستلقيا .

''നീ നിന്ന് നമസ്കരിക്കുക, അതിന് കഴിയാതിരുന്നാല്‍ ഇരുന്ന് നമസ്കരിക്കുക, അതിനും കഴിയാതിരുന്നാല്‍ ഒരു ഭാഗത്തേക്ക് ചെരിഞ്ഞുകിടന്ന് നമസ്കരിക്കുക.'' (ബുഖാരി). തിര്‍മുദിയുടെ റിപ്പോര്‍ട്ടില്‍ അല്‍പംകൂടിയുണ്ട് ''അതിനും കഴിയാതിരുന്നാല്‍ മലര്‍ന്ന് കിടന്ന് (നമസ്ക രിക്കുക)'' (തിര്‍മുദി)

ഒരാള്‍ക്ക് നില്‍ക്കാന്‍ കഴിയും എന്നാല്‍ റുകൂഉം സുജൂദും ചെയ്യാന്‍ കഴിയില്ലെങ്കില്‍ നില്‍ക്കുക എന്നത് അയാളില്‍ നിന്ന് ഒഴിവാകുന്നില്ല. അവന്‍ നിന്ന് നമസ്കരിക്കുകയും റുകൂഇന് പകരം ആംഗ്യം കാണിക്കുകയും ശേഷം ഇരിക്കുകയും സുജൂദിന് പകരം ആംഗ്യം കാണിക്കുകയുമാണ് ചെയ്യേണ്ടത്.

അല്ലാഹു പറയുന്നു:

وقوموا لله قانتين (البقرة 238)

''അല്ലാഹുവിന്‍െറ മുന്നില്‍ ഭക്തിയോടു കൂടി നിങ്ങള്‍ നിന്ന് നമസ്കരിക്കുക'' (അല്‍ ബഖറ: 238)

നിങ്ങള്‍ നിന്ന് നമസ്കരിക്കുക (ഹദീസ്)

فاتقوا الله ما استطعتم (سورة التغابن 16)

''അതിനാല്‍ നിങ്ങള്‍ക്ക് സാധ്യമായ വിധം അല്ലാഹുവെ നിങ്ങള്‍ സൂക്ഷിക്കുക'' (സൂറ: തഗാബുന്‍ 16).

ഒരു കണ്ണുരോഗിയോട് വിദഗ്ദ്ധനായ ഒരു ഡോക്ടര്‍ നിങ്ങള്‍ മലര്‍ന്ന് കിടന്ന് നമസ്കരിച്ചാല്‍ മാത്രമേ നിങ്ങളുടെ ചികില്‍ സഫല പ്രദമാവുകയുള്ളൂ; എന്ന് പറഞ്ഞാല്‍ അയാള്‍ മലര്‍ന്ന് കിടന്ന് നമസ്കരിക്കുകയാണ് വേണ്ടത്.

റുകൂഉം സുജൂദും നിര്‍വ്വഹിക്കാന്‍ കഴിയാത്തവര്‍ ആംഗ്യം കാണിക്കേണ്ടതാണ്. അത്തരം സന്ദര്‍ഭങ്ങളില്‍ സുജൂദില്‍ റുകൂഇനേ ക്കാള്‍ അല്‍പം കൂടുതലായി കുനിയേണ്ടതാണ്.

സുജൂദ് മാത്രം നിർവ്വഹിക്കാൻ കഴിയാതിരിക്കുമ്പോൾ റുകൂഅ് നിർവ്വഹിച്ച് സുജൂദിന് ആംഗ്യം കാണിക്കേണ്ടതാണ്.

മുത്ക് വളക്കാൻ കഴിയാത്തവർ തൻെറ കഴുത്ത് അൽപം വളക്കുകയാണ് ചെയ്യേണ്ടത്. ഒരാളുടെ മുത്ക് വളഞ്ഞ് റുകൂഅ് ചെയ്യുന്ന വനെപ്പോലെയാണ് സ്ഥിരമായി ഉള്ളതെങ്കിൽ അയാൾ റുകൂഅ് ചെയ്യുമ്പോൾ അല്പം കൂടി തൻെറ തല താഴ്ത്തുകയും സുജൂദ് ചെയ്യുമ്പോൾ റുകൂഇനേക്കാൾ അൽപംകൂടി തല താഴ്ത്തുകയും ചെയ്യുകയാണ് വേണ്ടത്.

തലകുനിച്ച് പോലും നമസ്കാരം ആംഗ്യം കാണിക്കാൻ കഴിയാത്തവർ മനസ്സിൽ അത് രൂപപ്പെടുത്തണം; കാരണം ശരിയായ ബുദ്ധി നിലനിൽക്കുന്നിടത്തോളം നമസ്കാരം നിർവ്വഹിക്കണമെന്ന ബാധ്യതയിൽ നിന്നും അയാൾ ഒഴിവാകുന്നില്ല.

ഒരു രോഗിക്ക് നിർവ്വഹിക്കൽ അശക്തമായിരുന്ന നിർത്തം, റുകൂഅ്, സുജൂദ്, ആംഗ്യം കാണിക്കൽ എന്നിവയിൽ ഏതെങ്കിലും കാര്യം നമസ്കാരത്തിനിടയിൽ നിർവ്വഹിക്കാൻ കഴിയുന്ന ഒരു അവസ്ഥയുണ്ടായാൽ അവൻ അതിലേക്ക് മടങ്ങി ബാക്കി പൂർത്തിയാക്കട്ടെ.

ഒരു രോഗിയോ രോഗമില്ലാത്ത വ്യക്തിയോ നമസ്കാരം നിർവ്വഹിക്കാതെ ഉറങ്ങിപ്പോവുകയോ, മറക്കുകയോ ചെയ്താൽ ഉണരുന്ന സമയത്തോ ഓർമ്മവരുമ്പോഴോ അവൻ അത് നിർവ്വഹിക്കണം. അടുത്ത നമസ്കാരത്തിൻെറ കൂടെ നിർവ്വഹിക്കാം എന്ന് കരുതി ഒരു കാരണവശാലും നമസ്കാരം അതിൻെറ സമയത്ത് നിർവ്വഹിക്കാതെ ഉപേക്ഷിക്കാൻ പാടില്ല.

നബി(ﷺ) പറയുന്നത് കാണുക:

من نام عن صلاة أو نسيها فليصلها متى ذكرها، لا كفَّارة لها إلاَّ ذلك. وتلا قول الله وأقم الصلاة لذكري(طه 14) (بخاري ، مسلم )

''ആരെങ്കിലും നമസ്കാരത്തെത്തൊട്ട് ഉറങ്ങിപ്പോവുകയോ മറക്കുകയോ ചെയ്താൽ അവന് എപ്പോഴാണോ ഓർമ്മ വരുന്നത് അപ്പോൾ അത് നിർവ്വഹിക്കട്ടെ. അതിന് അത് നിർവ്വഹിക്കലല്ലാതെ മററ് പ്രായശ്ചിത്തമൊന്നും വേണ്ടതില്ല. ശേഷം നബി(ﷺ) 'എന്നെ ഓർമ്മിക്കാനായി നിങ്ങൾ നമസ്കാരം കൃത്യമായി നിർവ്വഹിക്കുക' എന്ന സൂറത്ത് താഹയിലെ 14ാം വചനം പാരായണം ചെയ്യുകയും ചെയ്തു'' (ബുഖാരി, മുസ്‌ലിം)

യാതൊരു കാരണവശാലും ഒരാൾക്ക് നമസ്കാരം ഉപേക്ഷിക്കാൻ ഇസ്‌ലാം അനുവദിക്കുന്നില്ല. ഒരാൾ രോഗിയാകുമ്പോൾ

നമസ്കാരം ആരോഗ്യ അവസ്ഥയിൽ ഉള്ളതിനേക്കാൾ ശ്രദ്ധയോടെ നിർവ്വഹിക്കാൻ പരിശ്രമിക്കുകയാണ് വേണ്ടത്. രോഗാവസ്ഥയിലും തൻെറ ബുദ്ധിക്ക് തകരാറില്ലാത്തപ്പോഴെല്ലാം അത് തനിക്ക് കഴിയുന്ന വിധം നിർവ്വഹിക്കുകതന്നെ ചെയ്യണം. ഓർമ്മയോടുകൂടി ഒരാൾ അത് ഉപേക്ഷിച്ചാൽ അയാൾ കുററക്കാരനാണ്. തന്നെയുമല്ല അവൻ കാഫിറായിത്തീരുമെന്നാണ് പണ്ഡിതന്മാർ താഴെ പറയുന്ന നബി വചനങ്ങൾ ഉദ്ധരിച്ചുകൊണ്ട് പറയുന്നത്.

العَهْدُ الذِي بَيْنَنَا وَبَيْنَهُمْ الصَّلاَةُ فَمَنْ تَرَكَهَا فَقَدْ كَفَر (مسلم)

''നമുക്കും അവർക്കും ഇടയിലുള്ള കരാർ നമസ്കാരമാണ് വല്ലവനും അത് ഉപേക്ഷിച്ചാൽ തീർച്ചയായും അവൻ കാഫിറായി ക്കഴിഞ്ഞു.'' (മുസ്‌ലിം)

رَأْسُ الأَمْرِ الإِسلاَمُ وَعَمُودُهُ الصلاَةُ وَذِرْوَةُ سِنَامِهِ الجِهَادُ فِي سَبِيلِ اللهِ (مسلم)

''കാര്യങ്ങളുടെ ശീർഷം ഇസ്‌ലാമാണ് അതിൻെറ നെടുംതൂൺ നമസ്കാരമാണ്. അതിൻെറ പൂഞ്ഞയുടെ ഉന്നതഭാഗം അല്ലാഹു വിൻെറ മാർഗ്ഗത്തിലെ ധർമ്മസമരവുമാണ്'' (മുസ്‌ലിം)

بينَ الرَّجُلِ وبَيْنَ الشِّرْكِ وَالْكُفْرِ تَرْكُ الصلاةِ (مسلم)

''ഒരാളുടേയും ശിർക്കിൻേറയും കുഫ്റിൻേറയും ഇടയിലുള്ള വിവേചനം നമസ്കാരം ഉപേക്ഷിക്കലാണ്''(മുസ്‌ലിം)

നമസ്കാരവിഷയത്തിലുള്ള ആയത്തുകളും ഹദീസുകളും മേൽ പറയപ്പെട്ട അഭിപ്രായം തന്നെയാണ് മനസ്സിലാക്കിത്തരുന്നത്.

ഇനി ഒരാൾക്ക് ഓരോ നമസ്കാരവും അതാതിൻെറ സമയത്ത് നിർവ്വഹിക്കാൻ അശക്തമായാൽ അയാൾക്ക് രണ്ട് നമസ്കാരങ്ങൾ ഏതെങ്കിലും ഒന്നിൻെറ സമയത്ത് മുന്തിച്ചോ പിന്തിച്ചോ ജംഅ് ചെയ്ത് (ഒരുമിച്ച് ചേർത്ത്) നിർവ്വഹിക്കാവുന്നതാണ്. അങ്ങിനെ നിർവ്വഹിക്കു മ്പോൾ ളുഹറും അസ്വറും തമ്മിലും മഗ്‌രിബും ഇശാഉം തമ്മിലും മാത്രമേ ജംഅ് ആക്കുവാൻ അനുവാദമുള്ളൂ. സുബ്ഹി അതിൻെറ സമയത്ത് തന്നെ നിർവ്വഹിക്കുകയും ചെയ്യണം. കാരണം സുബ്ഹിയുടെ സമയം അതിൻെറ മുമ്പുള്ളതിൽ നിന്നും ശേഷമുള്ളതിൽ നിന്നും വേറിട്ട് നിൽക്കുന്നതാണ്.

അല്ലാഹു എല്ലാ രോഗികൾക്കും അവരുടെ രോഗങ്ങൾ ശിഫയാക്കിക്കൊടുക്കുകയും അവരുടെ പാപങ്ങൾ പൊറുത്തു കൊടുക്കുകയും ചെയ്യുമാറാകട്ടെ. നമുക്കും അവർക്കും നാഥൻെറ അനുഗ്രഹവും സൗഖ്യവും അല്ലാഹു ഇഹത്തിലും പരത്തിലും നൽകി അനുഗ്രഹിക്കുമാറാകട്ടെ (ആമീൻ).

അല്ലാഹു നമ്മെയും നമ്മുടെ മക്കളേയും കൃത്യമായി നമസ്കരിക്കുന്നവരിൽ ഉൾപ്പെടുത്തു മാറാകട്ടെ. നാഥാ എല്ലാ രോഗി കൾക്കും അവരുടെ രോഗങ്ങൾക്ക് പരിപൂർണ്ണശമനം നൽകി നിനക്ക് ഇബാദത്ത് ചെയ്ത് ജീവിക്കാൻ തൗഫീഖ് നൽകേണമേ. ഞങ്ങളെ യെല്ലാം നിൻെറ സ്വർഗ്ഗത്തിൽ ഫിർദൗസിൽ ഒരുമിച്ചുകൂട്ടുകയും ചെയ്യേണമേ (ആമീൻ)

وصلى الله وسلم على خير خلقه نبينا محمد وآله وصحبه أجمعين

***ദീർഘകാലം സൗദി അറേബ്യയിലെ ഗ്രാൻറ് മുഫ്ത്തിയും ഫത്വാ ബോർഡ് ചെയർമാനുമായിരുന്ന പണ്ഡിതവര്യൻ ശൈഖ് അബ്ദുൽ അസീസു ബ്നു അബ്ദുല്ലാഹിബ്നു ബാസ്(റ) അവർകൾ രചിച്ച 'അഹ്കാമു സ്വലാതിൽ മരീദി വത്വഹാറതുഹു എന്ന ലഘുകൃതിയുടെ വിവർത്തനമാണ് രോഗിയുടെ നമസ്കാരവും ശുചീകരണവും' എന്ന ഈ ലഘുലേഖ.***

*************